A

# സമഗ്രശിക്ഷാ കേരളം

702

# അർധവാർഷിക മൂല്യനിർണ്ണയം 2023–2024

## മലയാളം

ക്ലാസ് – 7 | **കേരളപാഠാവലി** | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിനു നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപു പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

---

**പ്രവർത്തനം 1 : വായിക്കാം എഴുതാം**

താഴെ കൊടുത്ത കവിത വായിച്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

***വരവേൽപ്പ്***

*നേരം പുലർന്നല്ലോ നേരു പുലർന്നല്ലോ*
*നേരം കളയുവാൻ നേരമില്ല*
*മഴനാരുകൊണ്ടൊരു തോരണം കെട്ടണം*
*മാലകോർക്കാൻ വെയിൽപ്പൂക്കൾ വേണം*
*വഴികളിൽ പച്ചക്കുട നിവർന്നീടണം*
*കിളിനിര വേണം വരവേൽക്കുവാൻ*
*മഴവില്ലൂഞ്ഞാലിലാടാം പുഴയുടെ*
*പാട്ടുകൾ കേട്ടു കഥ പറയാം*
*മണ്ണടർ നീക്കിടാം വിത്തുകൾ പാകിടാം*
*വിണ്ണിന്റെ വാതിൽ തുറന്നു നോക്കാം*
*നക്ഷത്രച്ചെപ്പിലെ മുത്തെടുത്തീടുവാൻ*
*ഒത്തുപിടിച്ചിടാം ചോടുവെക്കാം*

*എടപ്പാൾ സി.സുബ്രമണ്യൻ*

1) തോരണം കെട്ടാൻ എടുക്കുന്നതു എന്താണ്?
(മഴനാര്, വാഴനാര്, മുടിനാര്)
2) പുഴയുടെ പാട്ടുകൾ കേട്ട് എന്തു ചെയ്യാമെന്നാണ് കവി പറയുന്നത്?
(കരയാം, കഥ പറയാം, ചിരിക്കാം)
3) 'വഴികളിലെ പച്ചക്കുട' എന്തിനെ സൂചിപ്പിക്കുന്നു?
(പാറക്കെട്ട്, മരങ്ങൾ, മേഘങ്ങൾ)
4) താഴെ കൊടുത്തവയിൽ കവിതയിൽ കാണാത്ത കാഴ്ച ഏതാണ്?
(മഴ നാരുകൊണ്ടു തോരണം കെട്ടൽ, മണ്ണടർ നീക്കി വിത്തുകൾ പാകൽ, ആനകളുടെ നടത്തം)
5) ഒത്തുപിടിച്ചു ചോടുവെച്ചു മുത്തെടുക്കുന്നത് എവിടെനിന്നാണ്?
(നക്ഷത്രച്ചെപ്പിൽ നിന്ന്, മണ്ണടരിൽ നിന്ന്, പച്ചക്കുടയിൽ നിന്ന്)

**പ്രവർത്തനം 2 (എ) : വിവരണം**

*ആ വർഷം ഞാൻ പോയത് അമ്മയുടെ ചേട്ടത്തിയുടെ വീട്ടിലേക്കാണ്. കോന്നി അച്ചൻകോവിലാറു കടന്നു പയ്യനാമൺ എന്ന മനോഹരമായ സ്ഥലം. ആറ്റിലൂടെ നടന്നു പോകാം. ചിലയിടത്തു മുട്ടുവരെ മാത്രം വെള്ളം. പളുങ്കുപോലെ തെളിഞ്ഞൊഴുകുന്ന പുഴയിലൂടെ നടന്നു പോവുക വല്ലാത്ത രസമുള്ള കാര്യമാണ്. നടന്നു നീങ്ങുമ്പോൾ ആരുമറിയാതെ മുങ്ങിയാലോ എന്നു തോന്നും. അത്രയ്ക്കു സുഖമുള്ള ഇളംകുളിരാണ്.*

*പി.കെ.ഗോപി - അരിയുണ്ട തിന്ന കുട്ടിയാന*

യാത്രയിലെ കാഴ്ചകളെ പി.കെ.ഗോപി മനോഹരമായി അവതരിപ്പിച്ചിരിക്കുന്നത് കണ്ടില്ലേ!

ഞാറ്റുവേലപ്പൂക്കൾ എന്ന കവിതയിൽ മഴയുടെ ആദ്യതുള്ളി വീണു പ്രകൃതി ഉണരുന്ന കാഴ്ചയും നമ്മൾ കണ്ടു.

പ്രിയമുള്ള ഇടങ്ങളിലേക്കു പോകുമ്പോൾ നാം കാണുന്ന, മനസ്സിനെ ആകർഷിക്കുന്ന കാഴ്ചകൾ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കുക.

**(ബി)** *ഞാറ്റുവേലയിൽക്കുളിച്ചീറനും ധരിച്ചെന്റെ
നാട്ടിലേക്കിറങ്ങിയ പുഷ്പകന്യകമാരേ,*

ആരുടെ വരികൾ?

(കുമാരനാശാൻ, പി.ഭാസ്കരൻ, അയ്യപ്പപ്പണിക്കർ)

**പ്രവർത്തനം 3 : കഥാപാത്രനിരൂപണം**

'പണിയും തൊരവും ഇല്ലാതെ കാടു തെണ്ടി കുലവും പേരും കെടുത്തരുത് നീ'

ആയോധനകലയിലെ മന്ദപ്പന്റെ താൽപര്യം കണ്ട അച്ഛൻ പറഞ്ഞ വാക്കുകളാണു മുകളിൽ നൽകിയിരിക്കുന്നത്.

'കതുവന്നൂർ വീരൻ' എന്ന കഥയിലെ കഥാപാത്രമാണ് മന്ദപ്പന്റെ അച്ഛൻ. കഥയിലെ അദ്ദേഹത്തിന്റെ സ്ഥാനം, പെരുമാറ്റം എന്നിവ സൂചിപ്പിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക.

**പ്രവർത്തനം 4 : അഭിമുഖ ചോദ്യാവലി**

ലഹരിയുടെ ഇരയാണു ജീൻ ക്രിസ്റ്റഫിന്റെ പിതാവായ മെൽഷിയറെന്നു നിങ്ങൾക്കറിയാമല്ലോ. ഇത്തരത്തിൽ ലഹരിക്കടിമപ്പെട്ടു ജീവിതം നശിപ്പിച്ച നിരവധിയാളുകൾ നമ്മുടെ സമൂഹത്തിലുണ്ട്. ലഹരിവിരുദ്ധ സ്കോഡിന്റെ ജില്ലാ തലവനും എക്സൈസ് ഓഫീസറുമായ ശ്രീ. അനിരുദ്ധൻ കെ. നമ്മുടെ വിദ്യാലയത്തിൽ പ്രഭാഷണത്തിനെത്തുകയാണ്.

ഏഴാം ക്ലാസ് മലയാളം ക്ലബ്ബിന്റെ നേതൃത്വത്തിൽ അദ്ദേഹവുമായി നടത്തുന്ന അഭിമുഖത്തിന് ആവശ്യമായ ചോദ്യാവലി തയ്യാറാക്കുക. (ചുരുങ്ങിയത് 5 ചോദ്യങ്ങളെങ്കിലും ഉണ്ടാകണം.)

**പ്രവർത്തനം 5 (എ) : ഉപന്യാസം**

'നല്ലൊരിടമാക്കി നമുക്കീ
ലോകം മാറ്റിപ്പണിയാനാകും,
ആ മാറ്റം കുടിയിരിക്കുന്നത്
നിങ്ങളുടെ കൈകളിലാണ്.'

വർണ്ണവിവേചനത്തിനെതിരെ പോരാടി ലോകചരിത്രത്തിൽ ഇടംപിടിച്ച നെൽസൺ മണ്ടേലയുടെ വാക്കുകളാണിത്.

'എനിക്ക് ഒരു സ്വപ്നമുണ്ട്' എന്ന പാഠഭാഗത്തിലെയും മുകളിൽ നൽകിയ വരികളിലെയും ആശയങ്ങൾ ചേർത്ത് ഉപന്യാസം തയ്യാറാക്കുക.

**(ബി)** 'എനിക്ക് ഒരു സ്വപ്നമുണ്ട്' എന്ന പ്രസംഗം ആരുടേതാണ്?

(മാർട്ടിൻ ലൂഥർ കിങ് ജൂനിയർ, എബ്രഹാം ലിങ്കൺ, നെൽസൺ മണ്ടേല)

**പ്രവർത്തനം 6 : ആസ്വാദനക്കുറിപ്പ്**

**കാത്തിരിപ്പ്**

ഒരു കൊന്നമരം ചൊല്ലി
മഴയത്രയും
പെയ്യട്ടെ
വെയിലാളട്ടെ
മഞ്ഞണിയട്ടെ
തണുപ്പേൽക്കട്ടെ
എത്രനാളും
ഞാനിങ്ങനെ
നിന്നോളാം
ഒരിക്കലെന്നിൽ
പൂ വിരിയുന്നതും
കാത്ത്... കാത്ത്!

ഖദീജ സി. വലിയോറ

വീണപൂവിൽ, പൂവിന്റെ വിവിധ അവസ്ഥകളെക്കുറിച്ചു പഠിച്ചത് ഓർമ്മയില്ലേ. കാത്തിരിക്കുന്ന കൊന്നമരത്തിന്റെ വിശേഷങ്ങളാണ് മുകളിലെ കവിതയിൽ പറയുന്നത്. 'കാത്തിരിപ്പ്' എന്ന കവിതയുടെ ആശയം, രചനാരീതി, കവിത നിങ്ങളിൽ സമ്മാനിച്ച ഓർമ്മകൾ, ചിന്തകൾ എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.